LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് താലൂക്കിൽ ഡാറ്റ എൻട്രി ചെയ്യതിൽ വിട്ടുപോയ എത്ര പേർക്കാണ് ഇനിയും ആനുകൂല്യം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

2557 പേർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ട്.

(സി) വില്ലേജ് ഓഫീസ് മുഖേന തയ്യാറാക്കിയ ലിസ്റ്റിലുൾപ്പെട്ടിട്ടും ആനുകൂല്യം ലഭ്യമാകാത്തവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും ക്രഡിറ്റ് ലിസ്റ്റിലോ റിജക്റ്റഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുൾപ്പെടെ ആകെ 3504 പേരുടെ പട്ടിക ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

## ഭവന സമുച്ചയ നിർമ്മാണം

356 (966) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 29-2-2016-ലെ G.O(Ms) No.17/2016/HSG നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഡിമാന്റ് സർവ്വേ നടത്തിയപ്പോൾ മതിയായ ഉപഭോക്താക്കളെ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല.

## ചങ്ങനാശ്ശേരി റവന്യൂ ടവർ

357 (967) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

&

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഉണ്ട്, ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ ചുവടെ കാണുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 19,94,331.41 രൂപയുടെ എസ്റ്റിമേറ്റ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ഉടൻതന്നെ ചെയ്യുന്നതാണ്.

1. റിപ്ലാസ്റ്ററിംഗ് ഓൺ റൂഫ് ടോപ്പ്
2. റിപ്പെയർ അറ്റ് ഷോപ്പ് ഏരിയ
3. ഫിക്സിംഗ് ഡക്റ്റ് ഡോർ
4. പ്ലംബിംഗ് വർക്സ്.

**ഉൾനാടൻ ജലവാഹനങ്ങൾ**

358 (968) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ ജലവാഹനങ്ങളിൽ ഉൾനാടൻ യാന നിയമപ്രകാരമുള്ള പരിശോധനകൾ യഥാസമയം നടക്കുന്നുണ്ടോ; ഇത്തരം ജലവാഹനങ്ങളുടെ പ്രവർത്തനക്ഷമതയും സുരക്ഷയും ഉറപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉണ്ട്. 2010-ലെ ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ച് കൃത്യമായ പരിശോധന നടത്തി മാത്രമാണ് ജലയാനങ്ങൾക്ക് സർവ്വീസ് നടത്തുന്നതിനുള്ള അനുമതി നൽകുന്നത്. ഇതുകൂടാതെ വാർഷിക സർവ്വേ, മൂന്നുവർഷം കൂടുമ്പോൾ ഡോക്കിംഗ് സർവ്വേ എന്നിവയും നടത്തിവരുന്നുണ്ട്. നിയമാനുസൃതം ലൈസൻസുള്ള ആവശ്യമായ ജീവനക്കാർ, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുണ്ടെങ്കിൽ മാത്രമേ വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. കൂടാതെ ജലയാനങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തി നിയമലംഘനം കണ്ടെത്തുന്ന ബോട്ടുകൾക്ക് നിയമാനുസൃതമായ പിഴയും ഈടാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly